പാർട്ടടെം ഹിന്ദി അദ്ധ്യാപകന്മാരുടെ ഡി. എ. കാര്യം.

* 1658. [35] ശ്രീ. ആർ. സുഗതൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പാർട്ടടെം ഹിന്ദി അദ്ധ്യാപകന്മാർക്ക് 12 രൂപ Special D. A. അനുവദിച്ചിരുന്നതു്—ഇനി അവകാശമില്ലെന്നു് ആഭ്യവാരത്തിൽ കംപ്ട്രോളരുടെ ആഫീസിൽനിന്നും ഉത്തരവായ വിവരം ഗവണ്മെൻറിനറിയാമോ?

(ബി) ഈ അദ്ധ്യാപകന്മാർ മുമ്പു വാങ്ങിയ ഡി. എ. റീഫണ്ട് ചെയ്യണമെന്നും ആവശ്യപ്പെട്ടിരിക്കുന്നതായറിയാമോ?

(സി) ഇതിനെപ്പറ്റി പുനരാലോചിച്ചു് പാർട്ടടെം അദ്ധ്യാപകർക്കു് അനുകൂലമായ തീരുമാനം ചെയ്യാൻ ഗവണ്മെൻറ് തയ്യാറാകുമോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ) പാർട്ടടെം ഹിന്ദി അദ്ധ്യാപകർക്ക് ഡിയർനസ്സ് അലവൻസൊഴിച്ചുള്ള മറ്റലവൻസുകളും കൊടുക്കുന്നതിനെ കംപ്ട്രോളർ ഒബ്ജക്ട് ചെയ്തിട്ടുണ്ടു്.

(ബി) അറിയാം. എന്നാൽ ഡിപ്പാർട്ടുമെൻറിൽനിന്നും അതിനുള്ള ഉത്തരവുകളൊന്നും അയച്ചിട്ടില്ല.

(സി) ഇതുസംബന്ധിച്ച കാര്യങ്ങളെല്ലാം ഗവണ്മെൻറിൻെറ പരിഗണനയിലാണു്.

UNSTARRED QUESTIONS AND ANSWERS.

ലിഫ്റ്റുകൾ ഇറിഗേഷൻ പദ്ധതികളും.

389. [3] ശ്രീ. കെ. കുഞ്ഞമ്പു: താഴെകാണുന്ന ചോദ്യങ്ങൾക്ക് നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ പ്രദേശത്തു് അനുവദിച്ചിട്ടുള്ള ലിഫ്റ്റുകൾ ഇറിഗേഷൻ പദ്ധതികളും ഡിപ്പാർട്ടുമെൻറിൻെറ കാര്യക്ഷമതക്കുറവുമൂലം പദ്ധതി നടപ്പിലാക്കാൻ കാലതാമസം വരുന്ന വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊന്നാനി താലൂക്കിൽ ഭാരതപ്പുഴയുടെ തീരത്തുള്ള മൂന്നു ലിഫ്റ്റുകൾ ഇറിഗേഷൻ പദ്ധതികൾക്കാവശ്യമായ പ്ലാനും എസ്റ്റിമേറ്റും തക്കസമയത്തു തയാറാക്കാത്തതുമൂലം പ്രവർത്തനം മന്ദീഭവിച്ചിട്ടുണ്ടെന്നുള്ള വസ്തുത ഗവണ്മെൻറിൻെറ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) ഈ പദ്ധതിക്കാവശ്യമായ ഇലക്ട്രിസിറ്റി തക്കസമയത്തു കിട്ടാതിരിക്കുവാനുള്ള കാരണം എന്താണെന്നു് ഗവണ്മെൻറ് അന്വേഷിക്കുമോ?

ഉത്തരം.

(എ) ഇല്ല, നേരത്തറിയിച്ചു് 1958-59 ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ ലിഫ്റ്റുകൾ ഇറിഗേഷൻ പദ്ധതികളും ആരംഭിക്കുകയും അതിനനുവദിച്ചിട്ടുള്ള മുഴുവൻ തുകയും ലാപ്സാകാതെ ചെലവാക്കുകയും ചെയ്തിട്ടുണ്ടു്.

(ബി) പൊന്നാനി താലൂക്കിലെ മൂന്നു ലിഫ്റ്റുകൾ ഇറിഗേഷൻ പദ്ധതികളും നല്ല പുരോഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണു്. ഈ പദ്ധതികൾക്കാവശ്യമായ പ്ലാനും എസ്റ്റിമേറ്റും തക്ക സമയത്തുതന്നെ തയ്യാറാക്കിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതികൾക്കാവശ്യമായ ഇലക്ട്രിസിറ്റി ലഭിക്കുന്നതിനു് ഇലക്ട്രിസിറ്റി ബോർഡിനോടു് ആവശ്യപ്പെട്ടിട്ടുള്ളതും സിവിൽ വർക്സു് അവസാനിക്കുമ്പോഴേക്കു് ഇലക്ട്രിസിറ്റി ലഭിക്കുമെന്നു് പ്രതീക്ഷിക്കാവുന്നതുമാണു്. ഗ്രിത്തല ലിഫ്റ്റ് ഇറിഗേഷൻ സ്കീമിനു വേണ്ടിയുള്ള ഇലക്ട്രിസിറ്റി വിതരണത്തിനുള്ള എസ്റ്റിമേറ്റ് തയാറാക്കിക്കൊണ്ടിരിക്കുന്നതും ഉടനെ പണി ആരംഭിക്കുന്നതും ആണു്. ഈ പദ്ധതികൾ വേണ്ട വിധത്തിൽ പ്രവർത്തനത്തിലാകാത്തതുകൊണ്ടു് തക്ക സമയത്തു് ഇലക്ട്രിസിറ്റി ലഭിക്കുന്നില്ലെന്നുള്ള പ്രശ്നമേ ഉദിക്കുന്നില്ല.

ശ്രീ. സി. പി. ഹരിദാസിന്റെ സസ്പെൻഷൻ.

390. [5] ശ്രീ. കെ. കൊച്ചുകുട്ടൻ: താഴെകാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാടു് മാണിക്കമംഗലം കോളനിയിലെ നിശാപാഠശാല അദ്ധ്യാപകനും ലൈബ്രേറിയനുമായിരുന്ന ശ്രീ. സി. പി. ഹരിദാസിനെ വെൽഫെയർ ഡയറക്ടർ സസ്പെൻഡ് ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നു്; കാരണമെന്തു്;

(സി) സസ്പെൻഡ് ചെയ്തുകൊണ്ടുള്ള കല്പനയുടെ കോപ്പി മേശപ്പുറത്തു വയ്ക്കുമോ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) 2-3-1959-ൽ സസ്പെൻഡ് ചെയ്തു ഉത്തരവായച്ചു. ശ്രീ. ഹരിദാസു് മാണിക്കമംഗലം ഹരിജൻ സ്കൂൾമുറ്റത്തു് അനധികൃതമായി ഷെഡ്ഡുണ്ടാക്കി താമസിക്കുകയും അതിൽ അനാശാസ്യ നടപടികൾ നടത്തുകയും ചെയ്യുന്നു എന്നു് കോളനി നിവാസികളുടെ പരാതി ലഭിച്ചതാണു് സസ്പെൻഷനുള്ള കാരണം.

(സി) പകർപ്പു് മേശപ്പുറത്തു വച്ചിട്ടുണ്ടു്. *

ശ്രീ. സി. പി. സുകുമാരന്റെ സ്ഥലംമാറ്റം.

391. [6] ശ്രീ. കെ. കൊച്ചുകുട്ടൻ: താഴെകാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാടു് മാണിക്കമംഗലം കോളനിയിലെ വെൽഫെയർ സ്കൂൾ ഹെഡ്മാസ്റ്ററായിരുന്ന ശ്രീ. സി. പി. സുകുമാരനെ ആലപ്പുഴ ഡിസ്ട്രിക്റ്റിലേക്കു സ്ഥലംമാറ്റിയിട്ടുണ്ടോ;

(ബ) ഇതു് ഒരു പണിഷ്മെന്റ് ട്രാൻസ്ഫർ ആണോ;

(സി) ഈ മാണിക്കമംഗലം വെൽഫെയർ സ്കൂളിൽ ഇപ്പോൾ എത്ര ക്ലാസ്സുകൾ ഉണ്ടു്; എത്ര അദ്ധ്യാപകന്മാരുണ്ടു്?

ഉത്തരം.

(എ) ഉണ്ടു്.

(ബി) അല്ല.

(സി) ഒന്നാം സ്റ്റാൻഡേർഡ് എ-യും ബി-യും രണ്ടും മൂന്നും സ്റ്റാൻഡേർഡുകളും ഉൾപ്പെടെ 4 ക്ലാസ്സുകളും 4 അദ്ധ്യാപകന്മാരും ഉണ്ടു്.

മി. സ്പീക്കർ: ആർഡർ, ആർഡർ. ചോദ്യോത്തരങ്ങൾക്കുള്ള സമയം അവസാനിച്ചു.

---

* Please see Appendix III

LIBRARY ARCHIVES Kerala Legislative Assembly